ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വഖഫ് ഭേദഗതി ബില്ലിന്മേലുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. വഖഫ് ബോർഡുകളിൽ മതേതരത്വവും സ്ത്രീപ്രാതിനിധ്യവും ഉറപ്പാക്കുന്നതാണ് ബില്ലെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ഏകപക്ഷീയമെന്ന് പ്രതിപക്ഷം.

   **The discussion on the Waqf Amendment Bill is progressing in the Lok Sabha. Union Minister Kiren Rijiju said that the bill is to ensure secularism and women's representation in Waqf boards. Opposition calls it one-sided**

2. 2020 ലെ ദേശീയ വിദ്യാഭ്യാസ നയം പരിഷ്കാരത്തിനപ്പുറം രാജ്യത്തിന്റെ ബൗദ്ധിക നവോത്ഥാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the National Education Policy 2020 is an intellectual renaissance of the country beyond reform.**

3. ഇമിഗ്രേഷൻ നിയമങ്ങൾ നവീകരിക്കുന്നതിനായുള്ള ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ഇന്ന് രാജ്യസഭയിൽ അവതരിപ്പിച്ചു.

**The Immigration and Foreigners Bill 2025 to modernize immigration laws was introduced in the Rajya Sabha today**

4. ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് വഴി 2024-25ൽ ഒരു ദശലക്ഷത്തിലധികം മനുഷ്യ വിഭവശക്തി പ്രയോജനപ്പെടുത്തിയതായി വാണിജ്യ വ്യവസായ മന്ത്രാലയം

**The Ministry of Commerce and Industry said that more than one million human resources were utilized in 2024-25 through the government e-marketplace**

5. കേരളത്തിന് മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം

**Kerala gets National Award for Best Tuberculosis Prevention Activities**

6. ഐപിഎലിൽ ബംഗളൂരുവിനെതിരെ ഗുജറാത്ത് ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**Gujarat fielding against Bengaluru in IPL.**

&&&&&&&&&&&&&&&&&&

**LS - WAQF-INTRO**

വഖഫ് ഭേദഗതി ബില്ലിൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. സംയുക്ത പാർലമെന്ററി സമിതി

നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ബിൽ അവതരിപ്പിച്ചത്. വഖഫ് ബോർഡുകൾ മതേതരമാക്കുകയും വസ്തുവകകളുടെ നിയന്ത്രണവുമാണ് ബിൽ ഉദ്ദേശിക്കുന്നതെന്നും കിരൺ റിജിജു പറഞ്ഞു. ഈ നിയമനിർമ്മാണം മുൻകാല പ്രാബല്യമുള്ളതല്ലെന്നും ആരുടെയും സ്വത്ത് കണ്ടുകെട്ടാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

വഖഫ് ബോർഡുകളിൽ വ്യത്യസ്ത മുസ്ലീം വിഭാഗങ്ങളുടെയും സ്ത്രീകളുടെയും മുസ്ലീങ്ങളല്ലാത്തവരുടെയും പ്രാതിനിധ്യം ഉണ്ടായിരിക്കുമെന്ന് കിരൺ റിജിജു വ്യക്തമാക്കി. ബില്ലിനെക്കുറിച്ച് പ്രതിപക്ഷം ആളുകളെ തെറ്റിദ്ധരിപ്പിച്ചുവെന്ന് അദ്ദേഹം ആരോപിച്ചു.

സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ വിശദമായ ചർച്ചകൾക്ക് ശേഷമാണ് മന്ത്രിസഭ അംഗീകരിച്ച ബിൽ കൊണ്ടുവന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

(ഹോൾഡ് വോയിസ്)

ബില്ലിലൂടെ ഭരണഘടനയെ ദുർബലപ്പെടുത്താനും ന്യൂനപക്ഷങ്ങളെ അപകീർത്തിപ്പെടുത്താനും ഇന്ത്യൻ സമൂഹത്തെ വിഭജിക്കാനും സർക്കാർ ആഗ്രഹിക്കുന്നുവെന്ന് ചർച്ചയ്ക്ക് തുടക്കമിട്ട്

കോൺഗ്രസിലെ ഗൗരവ് ഗൊഗോയ് പറഞ്ഞു. വിലക്കയറ്റം, തൊഴിലില്ലായ്മ, നോട്ട് നിരോധനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പരാജയം മറച്ചുവെക്കാനാണ് സർക്കാർ ഈ ബിൽ കൊണ്ടുവന്നതെന്ന് സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് ആരോപിച്ചു. ടിഎംസി എംപി കല്യാൺ ബാനർജി, നിർദ്ദിഷ്ട നിയമനിർമ്മാണത്തെ തെറ്റിദ്ധാരണയുണ്ടാക്കുന്നതും യുക്തിരഹിതവും ഏകപക്ഷീയവുമാണെന്ന് വിശേഷിപ്പിച്ചു. സുതാര്യതയും ലിംഗനീതിയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട്, വഖഫ് ബോർഡുകളിൽ സ്ത്രീകളെ നിർബന്ധിതമായി ഉൾപ്പെടുത്താൻ ബിൽ നിർദ്ദേശിക്കുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത ബിജെപിയിലെ രവിശങ്കർ പ്രസാദ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**KUNJALIKUTTI-INTRO**

വഖഫ് ഭേദഗതി ബിൽ മതേതര കക്ഷികൾക്ക് അംഗീകരിക്കാനാവില്ലെന്നും, ബില്ലിനെ ശക്തമായി എതിർക്കുമെന്നും മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി. ബില്ല് സഭയിൽ പാസായാൽ ഇതിനെ നിയമപരമായി നേരിടുമെന്നും അദ്ദേഹം പറഞ്ഞു . മുനമ്പം വിഷയത്തിന് വഖഫ് ഭേദഗതിയുമായി ബന്ധമില്ലെന്നും കേരള സർക്കാരിന് പരിഹരിക്കാൻ കഴിയുന്ന കാര്യമാണിതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## RS – IMMIGRATION BILL

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025 രാജ്യസഭ പരിഗണനയ്ക്ക് എടുത്തു. ഇമിഗ്രേഷൻ നിയമങ്ങൾ നവീകരിക്കുന്നതിനാണ് ബിൽ. പാസ്പോർട്ടുകൾ, യാത്രാ രേഖകൾ, വിസ, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് ചില അധികാരങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്. ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് രാജ്യസഭയിൽ ബിൽ അവതരിപ്പിച്ചത്. ലോക്സഭ ബിൽ നേരത്തേ പാസാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## PM – PRADHATNA ARTICLE

ദേശീയ വിദ്യാഭ്യാസ നയം 2020 ഒരു പരിഷ്കാരത്തിനപ്പുറം രാജ്യത്തിന്റെ ബൗദ്ധിക നവോത്ഥാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദ്യാഭ്യാസത്തിലൂടെയും നവീകരണത്തിലൂടെയും സ്വയംപര്യാപ്തവും ആഗോളതലത്തിൽ മത്സരക്ഷമതയുള്ളതുമായ ഒരു രാഷ്ട്രത്തിന് NEP വഴിയൊരുക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയ്ക്ക് സംഭവിച്ച പരിവർത്തനം എടുത്തുകാണിക്കുന്ന

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ ഒരു ലേഖനം പ്രധാനമന്ത്രി പങ്കുവെച്ചു.

&&&&&&&&&&&&&&&&&&

## PM THAILAND VISIT

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തായ്‌ലൻഡിലെത്തും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ബാങ്കോക്കിൽ തായ്‌ലൻഡ് പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും നിരവധി ഉഭയകക്ഷി കരാറുകളിൽ ഒപ്പുവെക്കുകയും ചെയ്യും. പ്രതിരോധശേഷിയുള്ളതും, സമൃദ്ധവും സുതാര്യവുമായ ബിംസ്റ്റെക് - എന്നതാണ് ആറാമത് ബിംസ്റ്റെക് ഉച്ചകോടിയുടെ പ്രമേയം.

&&&&&&&&&&&&&&&&&&

## GeM-FY25

2024-25 സാമ്പത്തിക വർഷത്തിൽ ഡിജിറ്റൽ സംഭരണ പ്ലാറ്റ്ഫോമായ ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് (GeM) വഴി 1 ദശലക്ഷത്തിലധികം മനുഷ്യ വിഭവശക്തി പ്രയോജനപ്പെടുത്തിയതായി വാണിജ്യ വ്യവസായ മന്ത്രാലയം. മനുഷ്യശക്തി ഔട്ട്സോഴ്സിംഗ് സേവനം

സർക്കാർ സ്ഥാപനങ്ങൾക്കുള്ള നിയമന പ്രക്രിയ ലളിതമാക്കുന്നതിനൊപ്പം സമഗ്രമായ സേവന തല കരാറിലൂടെ തൊഴിൽ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നുവെന്ന് GeM സിഇഒ അജയ് ഭാദൂ പറഞ്ഞു. നിലവിൽ 33,000-ത്തിലധികം സേവന ദാതാക്കളെ GeM വാഗ്ദാനം ചെയ്യുന്നുണ്ട്.

&&&&&&&&&&&&&&&&&&

## TB AWARD

കേരളത്തിന് മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്യതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി കഴിഞ്ഞ ദിവസം നടത്തിയ കൂടിക്കാഴ്ചയിൽ കേരളം നടത്തുന്ന ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളെ കേന്ദ്ര ആരോഗ്യ മന്ത്രി ജെപി നഡ്ഡ അഭിനന്ദിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## INDIA CHILE WAVES

മെയ് 1 മുതൽ 4 വരെ മുംബൈയിൽ നടക്കുന്ന വേവ്സ് 2025 ലേക്ക് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ. മുരുകൻ, ചിലി സാംസ്കാരിക, കലാ, പൈതൃക മന്ത്രി കരോലിന Arredondo യെ WAVES 2025 ലേക്ക്

ക്ഷണിച്ചു . ഇന്ത്യ-ചിലി സാംസ്കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിനും ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നതിനുമുള്ള വഴികളെക്കുറിച്ച് ഇരു മന്ത്രിമാരും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

**NHAI-FY25**

2024-25 സാമ്പത്തിക വർഷത്തിൽ 5,150 കിലോമീറ്റർ ദേശീയ പാതകൾ നിർമ്മിക്കുക എന്ന ലക്ഷ്യം മറികടന്നതായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. 5,600 കിലോമീറ്ററിലധികം പാതയാണ് ഈ കാലയളവിൽ നിർമ്മിച്ചത്. ദേശീയപാതകളിലെ

ടോൾ നിരക്കുകൾ 4 മുതൽ 5 ശതമാനം വരെ വർധിപ്പിക്കാൻ തീരുമാനിച്ചതായും NHAI അറിയിച്ചു.

&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ ടോസ് നേടിയ

ഗുജറാത്ത് ടൈറ്റൻസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**ISL**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. ആദ്യ മത്സരത്തിൽ ഗോവ - ബംഗളുരുവിനെ നേരിടുന്നു. മോഹൻ ബഗാനും - ജംഷഡ്പൂരുമായുള്ള സെമി ഫൈനൽ നാളെയാണ്.

&&&&&&&&&&&&&&&&&&

## US President

അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് തീരുവ ചുമത്തുന്ന എല്ലാ രാജ്യങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾക്കും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ന് രാത്രി തീരുവ പ്രഖ്യാപിക്കും. 1.2 ട്രില്യൺ ഡോളറിന്റെ ആഗോള ചരക്ക് വ്യാപാര കമ്മി കുറയ്ക്കാൻ ട്രംപ് ഭരണകൂടം ലക്ഷ്യമിടുന്ന രാജ്യങ്ങളെയും മേഖലകളെയുമാണ് താരിഫ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## ASHA WORKER

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ നാളെ വീണ്ടും ചർച്ച നടത്തും. ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വൈകുന്നേരം 3 മണിക്കാണ് ചർച്ച. തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CPI-M

സിപിഐ എം 24-ാംം പാർട്ടി കോൺഗ്രസ് മധുരയിൽ ആരംഭിച്ചു. മുതിർന്ന നേതാവ് ബിമൻ ബസു പതാക ഉയർത്തി. പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പാർട്ടി കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. ഏപ്രിൽ ആറുവരെ ചേരുന്ന പാർട്ടി കോൺഗ്രസിൽ 80 നിരീക്ഷകരടക്കം എണ്ണൂറിലധികം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിന്റെ കൊടിയേറ്റ് ചടങ്ങ് ശബരിമല സന്നിധാനത്ത് ഇന്ന് നടന്നു. പ്രധാന ചടങ്ങായ ആറാട്ട് ഈ മാസം 11 ന് പമ്പാ നദിയിൽ നടക്കും. ഉത്സവം തീരുമ്പോൾ വിഷു പൂജകൾ തുടങ്ങുന്ന സാഹചര്യത്തിൽ ഏപ്രിൽ 18 വരെ തുടർച്ചയായി ക്ഷേത്ര നട തുറന്നിരിക്കും.

&&&&&&&&&&&&&&&&&&

## NAVY-PROJECT

6 മെഗാവാട്ട് മീഡിയം-സ്പീഡ് മറൈൻ ഡീസൽ എഞ്ചിന്റെ രൂപകൽപ്പനയ്ക്കും വികസനത്തിനുമുള്ള മേക്ക്-ഐ വിഭാഗത്തിലെ പദ്ധതിയുടെ അനുമതി ഉത്തരവിൽ ഇന്ത്യൻ നാവികസേന ഒപ്പുവച്ചു. ന്യൂഡൽഹിയിലെ കിർലോസ്കർ ഓയിൽ എഞ്ചിൻസ് ലിമിറ്റഡുമായാണ് കരാർ ഒപ്പിട്ടത്. 50

ശതമാനത്തിലധികം തദ്ദേശീയമായ പ്രോട്ടോടൈപ്പ് ഡീസൽ എഞ്ചിൻ 270 കോടി രൂപ ചെലവിൽ വികസിപ്പിക്കും. ഇന്ത്യൻ നാവികസേനയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും കപ്പലുകളിലെ പ്രധാന പ്രൊപ്പൽഷനും വൈദ്യുതി ഉൽപാദനത്തിനും വികസിപ്പിച്ച എഞ്ചിനുകൾ ഉപയോഗിക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&